കേരള സർക്കാർ

# കീരമ്പാറ ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.14)177/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 06.02.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീരമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീരമ്പാറ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി.14)177/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 06.02.2017

# എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും ലഭ്യമായ മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഡി.സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.01.2017 മുതൽ 30.01.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഡി.ജിനിൽ റോയ്, ഓഡിറ്റ് ഓഫീസർ |
| | പി.വി.ജോർജ്ജ്,സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | സന്തോഷ് കുമാർ.എം, ഓഡിറ്റർ |
| | ജോഷിതോമസ്, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | സുജ സലിം | 01.04.2015 | 30.06.2015 |
| | ലിസ്സി വത്സലൻ | 01.07.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 | 17.11.2015 |
| | ബെന്നി പോൾ | 18.11.2015 | 31.03.2016 |
| സെക്രട്ടറി | പി.വി.സീന | 01.04.2015 | 13.05.2015 |
| | മുഹമ്മദ് കുട്ടി | 14.05.2015 | 24.02.2016 AN |
| | എം.എസ്.സുധീരൻ | 24.02.2016 FN | 31.03.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ജാസ്മിൻ തോമസ് | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ബിബിന ജോസഫ് | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അനശ്രീ പ്രകാശ് | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.അഞ്ജന.കെ.ഇ | 01.04.2015 | 31.03.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഷീല.പി.വി | 01.04.2015 | 31.03.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | അനീഷ്കുമാർ.പി.വി | 01.04.2015 | 04.9.2015 |
| | ഷിബു കുര്യൻ | 05.09.2015 | 19.12.2015 |
| | രമേഷ് കുമാർ | 20.12.2015 | 31.03.2016 |
| ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്.പുന്നേക്കാട് | ബെന്നി.എ.ഡി | 01.04.2015 | 31.03.2016 |
| ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ്,പാലമറ്റം | റംല.എ.എം. | 01.04.2015 | 31.03.2016 |
| വെറ്ററിനറി സർജൻ | ഡോ.ജെസ്സി.കെ.ജോർജ് | 01.04.2015 | 31.03.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ഗ്രേഷ്യസ്.എം.ജോൺ | 01.04.2015 | 07.05.2015 |
| | സാനി.എം.നായർ | 08.05.2015 | 07.09.2015 |
| | ഹരി. ആർ | 08.09.2015 | 31.03.2016 |
| അസിസ്റ്റന്റ് സെക്രട്ടറി | കെ.ചന്ദ്രൻ നായർ | 01.04.2015 | 31.03.2016 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 |

| | | |
|---|---|---|
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം – 2 | |
| 13 | ഡി.&ഒ. ലൈസൻസ് ഈടാക്കിയതിൽ കുറവ് – നഷ്ടം ₹.7080/- | 2-1 |
| 14 | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് – നഷ്ടം ₹.4351/- | 2-2 |
| 15 | തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല | 2-3 |
| 16 | സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ് ഈടാക്കുന്നില്ല | 2-4 |
| 17 | മൊബൈൽ ടവറുകളിൽ നിന്നും നികുതി ഈടാക്കുന്നില്ല | 2-5 |
| | ഭാഗം – 3 | |
| 18 | പട്ടിക ജാതി മെറിറ്റോറിയസ്സ് വിദ്യാർത്ഥികൾക്ക് പഠന സഹായം – വീണ്ടും നൽകി | 3-1 |
| 19 | പാലിയേറ്റീവ് കെയർ ഡ്രൈവർക്ക് അധിക നിരക്ക് നൽകി | 3-2 |
| 20 | ഇളംതുരുത്തി കോളനി റോഡ് അവസാന ഭാഗം മെറ്റലിംഗ് – കൺവീനർക്ക് അധിക തുക നൽകി | 3-3 |
| 21 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി -ജീവനക്കാർക്ക് അധിക നിരക്കിൽ ഫെസ്റ്റിവെൽ അലവൻസ് നൽകി | 3-4 |
| 22 | എം.എൻ ലക്ഷംവീട് കോളനി ഭവനനിർമ്മാണ പദ്ധതി- രണ്ട ഗഡു തുക നൽകി -ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-5 |
| 23 | കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ – അപാകതകൾ | 3-6 |
| | ഭാഗം – 4 | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | അനുബന്ധം.1 |
| 34 | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം.2 |
| 35 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.3 |
| 36 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.4 |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26.2.2015ലെ 1 (1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 05.07.2016 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷികധനകാര്യപത്രിക പരിശോധിച്ചു, അപാകതകളില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 1,84,31,992 |
| വരവ് | 1,62,74,990 |
| ആകെ | 3,47,06,982 |
| ചെലവ് | 3,19,77,151 |
| നീക്കിയിരിപ്പ് | 27,29,831 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 2663650 | 4005624 | 10506269 | 10506269 | 0 | 100 |
| എസ്.സി. പി. | 3397675 | 2004026 | 5401701 | 5401701 | 0 | 100 |
| ടി.എസ്. പി. | 30100 | 45000 | 75100 | 75100 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 2663538 | 1173457 | 3836995 | 3836995 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 2203316 | 693507 | 2896823 | 2896823 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4082512 | 6659484 | 10741996 | 10741996 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 313 | 0 | 313 | 313 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 127 | 273890 | 274017 | 274017 | 0 | 100 |
| ബി ഫണ്ട് | 0 | 77400 | 77400 | 77400 | 0 | 100 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 135 | 42243861 | 56 | 16814478 | 43 | 36 | 50.44 |

ഏറ്റെടുക്കുന്ന മുഴുവൻ പ്രോജക്ടുകളും അതാതു വർഷം തന്നെ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 19,00,499 | 20,27,180 | (+) 1,26,681 | (+) 6.67% |
| നികുതിയേതര വരവുകൾ | 1,77,582 | 2,34,937 | (+) 57,355 | (+) 32.23% |
| മറ്റുവരവുകൾ | 4,31,189 | 11,826 | (-) 4,19,363 | (-) 0.97% |
| ആകെ | 25,09,270 | 22,73,943 | (-) 2,35,327 | (-) 9.38% |

മുൻവർഷങ്ങളിൽ ഉണ്ടായിരുന്ന മണൽ വരവ് 2015-16ൽ ഉണ്ടായിരുന്നില്ല. ആയതിനാൽ തനത് വരുമാനത്തിൽ ഗണ്യമായ കുറവുണ്ട്.

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 63,480 | 44 |
| കർഷകതൊഴിലാളി പെൻഷൻ | 18,92,400 | 262 |
| വിധവാപെൻഷൻ | 37,15,840 | 416 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 17,94,420 | 355 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 16,56,675 | 178 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ളധനസഹായം | 3,42,960 | 48 |

# 1-9 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| തൊഴിൽ കാർഡ് നൽകപ്പെട്ടവർ | | | | തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം | തൊഴിൽ നൽകപ്പെട്ടവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| എസ്.സി. | എസ്.ടി | മറ്റുള്ളവർ | ആകെ | | | എസ്.സി. | എസ്.ടി | മറ്റുള്ളവർ | ആകെ | |
| 342 | 111 | 1584 | 1937 | 785 | 709 | 4707 | 65 | 11876 | 15648 | 0 |

# 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.1.2017ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2096/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-11 അഭ്യന്തര നിയന്ത്രണം

കീരമ്പാറ ഗ്രാമ പഞ്ചായത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതി പഞ്ചായത്തിലെ ജീവനക്കാരുടെ പ്രവർത്തനത്തെ ഗണ്യമായി ബാധിക്കുന്നുണ്ട്. സ്ഥലപരിമിതി മൂലം ജീവനക്കാർക്ക് സുഗമമായി പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല. വസ്തു നികുതിയിനത്തിൽ വൻതുക പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. രജിസ്റ്ററുകളുടെ പരിപാലനം ശരിയായ രീതിയിലല്ല. പഞ്ചായത്തിൽ 2015-16 ഓഡിറ്റ് വർഷം താഴെപ്പറയുന്ന രജിസ്റ്ററുകൾ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

1. ഡി&ഒ ലൈസൻസ് – വാർഡു തലത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ്

2. വസ്തുനികുതി – അരിയർഡിമാന്റ് രജിസ്റ്റർ, അപ്പീൽ/ റിവിഷൻരജിസ്റ്റർ, എഴുതിത്തള്ളൽ രജിസ്റ്റർ

3. തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി – ഡിമാന്റ് രജിസ്റ്ററുകൾ
4. വൗച്ചറുകളും അനുബന്ധരേഖകളും ശരിയായി സൂക്ഷിച്ചിട്ടില്ല. സാംഖ്യ സോഫ്റ്റ് വെയറിൽനിന്നും ലഭ്യമാകുന്ന പെയ്മെന്റ് വൗച്ചർ പൂർണ്ണമായും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

രജിസ്റ്ററുകളും രേഖകളും ശരിയായി എഴുതി സൂക്ഷിക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.11.2016 | 01.10.2016 മുതൽ 31.10.2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.03.2011 | 2005-06 മുതൽ 2009-10 വരെ | 27.04.2011 |

## 1-13 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് വാടകയിനത്തിൽ 4002/-രൂപ, 28.01.2017ലെ 11601100879 നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി.&ഒ. ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് -നഷ്ടം ₹.7080/-

1. കീരമ്പാറ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഡി.&ഒ. ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്.

| സ്ഥാപന ഉടമ | സ്ഥാപനത്തിന്റെ ഉദ്ദേശ്യം | ഉപയോഗിക്കുന്ന എച്ച്.പി (പി.സി.ബി. സർട്ടിഫിക്കറ്റ് പ്രകാരം) | ഈടാക്കിയ തുക | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| റെജി കുര്യാക്കോസ്, ചിറയ്ക്കൽ ഗ്രാനൈറ്റ്സ് | മെറ്റൽ ക്രഷർ | 807.33 എച്ച്.പി | ₹.3000 രസീത്2102206 തീയതി 27.3.15 | ₹.8,080 | ₹.5,080 |

2. കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും, അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 1996ലെ ചട്ടം 7 പ്രകാരം 1,00,000/- രൂപയ്ക്കു മുകളിൽ വിറ്റുവരവുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസായി പരമാവധി 4000/- രൂ. ഈടാക്കേണ്ടതാണ് . എന്നാൽ റെജി കുര്യാക്കോസ്,ചിറയ്ക്കൽ വീട്, ഉരുത്തി പി.ഒ. എന്ന വ്യക്തിയുടെ പേരിൽ പ്രവർത്തിക്കുന്ന ക്വാറിക്കുവേണ്ടിയുള്ള അപേക്ഷയിൽ വിറ്റു വരവോ ഉപയോഗിക്കുന്ന എച്ച്.പിയോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ സ്ഥാപനത്തിന്റെ സ്ഥിരനിക്ഷേപത്തിന്റെ അഞ്ചു ശതമാനം ദിവസേനയുള്ള വിറ്റുവരവായി കണക്കാക്കാം. പ്രസ്തുത സ്ഥാപനത്തിന്റെ ഇപ്രകാരമുള്ള വിറ്റുവരവ് ഒരു ലക്ഷത്തിനു മുകളിൽ ആയതിനാൽ പരമാവധിയായ 4,000/- രൂ. ഈടാക്കേണ്ടതാണ്. ഈടാക്കിയ തുക 2,000/-( രസീത് നം. 2102207 തീയതി 27.3.15). കുറവായി ഈടാക്കിയ 2,000/- രൂ. ഈടാക്കി പഞ്ചായത്ത് ഫണ്ടിലടക്കേണ്ടതാണ്.

3. 2014-15 ൽ ഡി.&ഒ. ലൈസൻസ് എടുത്തവരിൽ പല വ്യക്തികളും 2015-16 ൽ ലൈസൻസ് എടുത്തിരിക്കുന്നത് വളരെ വൈകിയാണ്. വൈകി ലൈസൻസ് എടുക്കുന്നവരിൽ നിന്നും

ബിലേറ്റഡ് ഫീസ് ഈടാക്കുന്നില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരേ നടപടികൾ സ്വീകരിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന ഡി ആൻഡ് ഒ ലൈസൻസ് അപേക്ഷകളിന്മേൽ ബിലേറ്റഡ് ഫീസ് ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-2 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്-നഷ്ടം-4351/-രൂ.

1. പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് - നഷ്ടം ₹.225/-

| കെട്ടിട ഉടമയുടെ വിലാസം | കെട്ടിടത്തിന്റെ ഉദ്ദേശ്യം | വിസ്തീർണ്ണം (ച.മീ) | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| ബേബി ജോർജ് കരോട്ടുവീട്ടിൽ മലയിൻ | പൗൾട്രി ഫാം | 146 | 870 രസീത് നം. 11502101020 തീയതി 3.11.15 | 1,095 | 225 |

2. പെർമിറ്റ് റെഗുലൈറൈസേഷൻ നടത്തിയപ്പോൾ തുക ഈടാക്കിയതിൽ കുറവ് – നഷ്ടം ₹.4126/-

അംഗീകൃത പ്ലാനുകളിൽ നിന്നും വ്യതിയാനമുള്ള സംഗതികളിൽ അടവാക്കിയ പെർമിറ്റ് ഫീസിനു പുറമേ രാജിയാക്കൽ ഫീസ് ഈടാക്കിയാൽ മതിയാകുമെന്നും എന്നാൽ ചട്ടം 144 (2) പ്രകാരം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ പെർമിറ്റ് പുതുതായി അനുവദിക്കേണ്ടവയുടെ കാര്യത്തിൽ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീസ് കൂടി വാങ്ങിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.(ഗാർഹിക ആവശ്യത്തിനുള്ള കെട്ടിടത്തിന് പെർമിറ്റ് ഫീസ് 4.5 രൂപയും ഗാർഹികേതര ആവശ്യത്തിനുള്ളതിന് 7.5 രൂപയുമാണ് പഞ്ചായത്തിൽ പെർമിറ്റ് ഫീസായി ഈടാക്കുന്നത്. റെഗുലറൈസേഷൻ നടത്തുമ്പോൾ ഗാർഹിക ആവശ്യത്തിന് 13.5(4.5x3) രൂപയും ഗാർഹികേതര ആവശ്യത്തിന് 22.5(7.5x3) രൂപയും ഈടാക്കേണ്ടതാണ്.)

| ക്രമ നം | കെട്ടിട ഉടമയുടെ വിലാസം | വിസ്തീർണം(ച.മീ) | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| 1 | ഡേവിസ് പി.പി. പഴക്കോലിൽ(പൗൾട്രി ഫാം) | 213.12 | x15= 3200 രസീത് 11502100360 തീ.1.7.15 | x22.5=4796 | 1596 |
| | ജെയിംസ് ജോസ് മഞ്ചേരിൽ തട്ടേക്കാട് (ഗാർഹികം) | 232.03 | x9= 2220 രസീത് 1150210039 തീ.14.7.15 | x13.5=3133 | 912 |
| | മത്തായി പായിപ്ര (ഗാർഹികം) | 220.43 | x9= 1984 രസീത് 11502100617 തീ.9.9.15 | x13.5=2976 | 992 |

| | | | | | |
|---|---|---|---|---|---|
| | ഷേർലി തെക്കേക്കുടി (ഗാർഹികം) | 139.66 | x= 1260 രസീത് 11502100169 തീ. 21.4.16 | x13.5=1886 | 626 |
| | | | | ആകെ | 4126 |

പെർമിറ്റ് ഫീസ് ഇനത്തിൽ നഷ്ടമായ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

# 2-3 തൊഴിൽ നികുതി പൂർണമായി ഈടാക്കിയില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. പെരിയാർ ആപ്കോസ് ഇ. 205 ക്ഷീരോൽപ്പാദക സഹകരണ സംഘം
2. പുന്നേക്കാട് ക്ഷീരോൽപ്പാദക സഹകരണ സംഘം
3. പുന്നേക്കാട് നാളികേരോൽപ്പാദക സഹകരണ സംഘം
4. നന്മ സ്റ്റോർ കീരമ്പാറ
5. നന്മ സ്റ്റോർ പാലമറ്റം
6. ബി.എസ്.എൻ.എൽ കീരമ്പാറ
7. കെ.എസ്.ഇ.ബി. കീരമ്പാറ
   പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ആദ്യപകുതിയിൽ അടച്ച നികുതി | രണ്ടാം പകുതി |
|---|---|---|---|
| 1 | വെറ്റിനറി ഹോസ്പിററൽ ഊഞ്ഞപ്പാറ | 3100 രസീത്. 11501100007 തീ. 22.12.15 | അടവാക്കിയിട്ടില്ല |
| 2 | എ.ഇ. എൽ.എസ്.ജി.ഡി. കീരമ്പാറ | രണ്ടു പകുതിയിലും ഈടാക്കിയിട്ടില്ല | |
| 3 | എം.ജി.എൻ.ആർ.ഇ.ജി.എസ് | രണ്ടു പകുതിയിലും ഈടാക്കിയിട്ടില്ല | |
| 4 | പോസ്റ്റ് ഓഫീസ് കീരമ്പാറ | രണ്ടു പകുതിയിലും ഈടാക്കിയിട്ടില്ല | |
| 5 | അനിൽ ഗ്രാനൈറ്റസ് | അടവാക്കിയിട്ടില്ല | 7380 രസീത് 11502101469 തീ.26.2.16 |
| 6 | വിർഗോ ഇൻഡസ്ട്രീസ് | രണ്ടു പകുതിയിലും ഈടാക്കിയിട്ടില്ല | |
| 7 | കാലിപ്സോ ഇക്കോ ലോഡ്ജസ് ആൻഡ് കാംപ്സ് പ്രൈ. ലിമിറ്റഡ് | രണ്ടു പകുതിയിലും ഈടാക്കിയിട്ടില്ല | |
| 8 | ചിറയ്ക്കൽ ഗ്രാനൈറ്റസ് | രണ്ടു പകുതിയിലും ഈടാക്കിയിട്ടില്ല | |
| 9 | പുനർജനി ആയുർവേദ ആശുപത്രി | രണ്ടു പകുതിയിലും ഈടാക്കിയിട്ടില്ല | |

തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടമായിട്ടുള്ള നികുതി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ - ലൈസൻസ് പുതുക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2015-16 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല.

1. പുനർജനി ആയുർവേദ ആശുപത്രി

2. ലക്ഷ്മി കംപ്യൂട്ടറൈസ്ഡ് ലാബോറട്ടറീസ് കീരംപാറ

3. ലക്ഷ്മി കംപ്യൂട്ടറൈസ്ഡ് ലാബോറട്ടറീസ് പുന്നേക്കാട്

4. കോട്ടയ്ക്കൽ ആര്യവൈദ്യശാല കീരംപാറ

പഞ്ചായത്തിന്റെ പരിധിയിൽ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും കൃത്യമായ കണക്കെടുക്കുകയും രജിസ്ട്രേഷൻ പുതുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. രജിസ്ട്രേഷനില്ലാതെയോ പുതുക്കാതെയോ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കാനുള്ള കർശനനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകൾ - നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ രണ്ട് ടവറുകൾ പ്രവർത്തിക്കുന്നുണ്ട്.

1. ബി.എസ്.എൻ.എൽ.
2. ഇൻഡസ് ടവേഴ്സ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.09.2012ലെ ജി.ഒ.(ആർ.ടി) 2540/2012 ഉത്തരവ് പ്രകാരം ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ്. എന്നാൽ നികുതി ഈടാക്കുന്നതിനു വേണ്ട നടപടികളൊന്നും പഞ്ചായത്ത് നാളിതുവരെയും സ്വീകരിച്ചിട്ടില്ല. വിസ്തീർണ്ണവും മറ്റും പരിശോധിക്കുവാൻ ഫയലുകളും കണ്ടെത്താനായിട്ടില്ല.

താരതമ്യേന വരുമാനം കുറവായ പഞ്ചായത്തിന്റെ വരുമാന സ്രോതസ് കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും സ്ഥലപരിശോധന നടത്തി വിസ്തീർണ്ണം അളന്ന് കെട്ടിട നികുതി കുടിശിക സഹിതം ഡിമാൻറ് ചെയ്ത് ഈടാക്കുന്നതിന് വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന സഹായം - അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന സഹായം |
| പ്രോജക്ട് നമ്പർ | 136/15-16 |
| ചെലവ് വിവരം | 125000/- ബിൽ നമ്പർ 78/15-16 തീയതി 29.11.15 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 'പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന സഹായം' എന്ന പ്രോജക്ട് പ്രകാരം 25000/- രൂപ വീതം സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

| നം | ഗുണഭോക്താവിന്റെ പേര് | ചെക്ക് / തീയതി | തുക |
|---|---|---|---|
| 1 | അജിൽകുമാർ,പാറപ്പുറത്ത്,കീരമ്പാറ | 680693/18.2.16 | 25000 |
| 2 | അഖിൽകുമാർ,പാറപ്പുറത്ത്,കീരമ്പാറ | 680694/ 18.2.16 | 25000 |
| ആകെ | | | 50000/- |

സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 362/13 തീയതി 16.11.13 ലെ ഉത്തരവ് പ്രകാരം ജനകീയാസൂത്രണ പദ്ധതിയനുസരിച്ച് പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് 25,000/- രൂപ പഠനസഹായമിനത്തിൽ ഒരിക്കൽ മാത്രമാണ് സഹായം നൽകുവാൻ സാധിക്കുകയുള്ളൂ.എന്നാൽ മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് 2014-15 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും പഠന സഹായമിനത്തിൽ 25,000/- രൂപ വീതം നൽകിയിട്ടുണ്ട്. അനർഹമായി വീണ്ടും സ്കോളർഷിപ്പ് നൽകിയതിലൂടെ 50000/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിലുള്ള വിശദീകരമാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഈ ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഊടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-2 പാലിയേറ്റീവ് കെയർ - വാഹനത്തിന് അധിക നിരക്ക് നൽകി

ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ വാഹനം 1.10.2015 മുതൽ 19.3.2016 വരെ വിവിധ ദിവസങ്ങളിൽ ഓടിയതിന് പ്രതിദിനം 1300/- രൂപ നിരക്കിൽ 33 ദിവസത്തേക്ക് ₹.42,900/- ശ്രീ.വി.എ.രാമചന്ദ്രന് നൽകിയിട്ടുണ്ട് (ചെക്ക് നമ്പർ 676361 /31.12.15 , 677123 / 26.3.16). എന്നാൽ പാലിയേറ്റീവ് മാർഗ്ഗ രേഖ ജി.ഒ.ആർ.ടി 3217/15 തീയതി 29.10.15ലെ ഉത്തരവ് പ്രകാരം വാഹനം ഓടിക്കുന്നതിന് പ്രതിദിനം വാടകയിനത്തിൽ പരമാവധി 1100/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം 33 ദിവസത്തേക്ക് 200 രൂപ അധിക നിരക്കിൽ 6600/- മേൽപ്പറഞ്ഞ ജീവനക്കാരന് നൽകിയിട്ടുണ്ട്. ഈ അപാകതകൾക്കുള്ള വിശദീകരണമാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഈ ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ 6600/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-3 ഇളംതുരുത്തി കോളനി റോഡ് അവസാനഭാഗം മെറ്റലിംഗ് & ടാറിംഗ് - കൺവീനർക്ക് അധികം തുക നൽകി.

| | |
|---|---|
| പ്രോജക്ട് നം. | 76/16 |
| പ്രോജക്ടിന്റെ പേര് | ഇളംതുരുത്തി കോളനി റോഡ് അവസാനഭാഗം മെറ്റലിംഗ് |

| | |
|---|---|
| അടങ്കൽ | 400000 രൂപ മെയിന്റിനൻസ് ഗ്രാന്റ്-റോഡ് |
| കൺവീനർ | N.N. സുധീപ് |
| സാങ്കേതിക അനുമതി നം. | 924/AEE/LSGD/15-16 തീയതി.25/02/2016 |
| എം ബുക്ക് നം. | 40/15-16 |
| ബിൽ.നം തീയതി | 42 തീയതി. 31/03/2016 |

ഇളംതുരുത്തി കോളനി റോഡ് അവസാനഭാഗം മെറ്റലിംഗ് എന്ന പ്രവൃത്തിയിൽ ഇനം നം.4 ആയി ചെയ്തിട്ടുള്ള OD.MPM.02(MORD Sl.No.506 പ്രവൃത്തിക്ക് കൺവീനർ എൻ.എൻ സുധീപിന് ലാഭവിഹിതമുൾപ്പടെ 75മി.മീറ്ററിന് നൽകേണ്ട നിരക്കായ രൂ.256/ച.മീ നല്കിയിട്ടുണ്ട്. അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബ്ലാക് ടോപ്പ് പ്രതലത്തിന്റെ വിസ്തീർണം | നല്കിയ നിരക്ക് | നൽകാവുന്ന നിരക്ക് (50 mm thick) | അധികം നല്കിയത് |
|---|---|---|---|
| 69.68 m2 | Rs.256/m2 x 69.68 m2 = 17838.08 | Rs.222.60 x 69.68 m2 =15510.77 | 17838.08 – 15510.77 = 2327.31 |

അധികം 2327/- രൂപ നൽകാനുണ്ടായതിന്റെ വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഈ തുക ഉത്തരവാദിയായ കൺവീനറിൽ നിന്നോ ബന്ധപ്പെട്ട എഞ്ചിനീയറിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# **3-4** മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്ക് അധിക നിരക്കിൽ ഫെസ്റ്റിവൽ അലവൻസ് നൽകി - നഷ്ടം **₹.2,580/-**

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ജീവനക്കാരായ ശാലിനി എസ് കുറുപ്പ് (അസിസ്റ്റന്റ് എൻജിനീയർ), രമ്യ നാരായണൻ(ഡാറ്റാ എൻട്രി ഓപ്പറേറ്റർ) എന്നീ ജീവനക്കാർക്ക് 2400/- രൂപ വീതം ഫെസ്റ്റിവിൽ അലവൻസ് നല്കി. (വൗച്ചർ നം-21500245 തീ.1.9.2015, വൗച്ചർ നം-21500249 തീ.1.9.2015). എന്നാൽ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 337/15 തീയതി 7.8.15 പ്രകാരം 2014-15 വർഷം 6 മാസം തുടർച്ചയായ സർവ്വീസുള്ളവരും 31.03.2015ൽ സേവനത്തിലുള്ളവരുമായവർക്കാണ് ഫെസ്റ്റിവൽ അലവൻസ് / ബോണസ്സ് എന്നിവയ്ക്ക് അർഹതയുള്ളത്. 2014-15 വർഷം ദിവസ വേതനക്കാരായ ഈ ജീവനക്കാർക്ക് 1110/- ഫെസ്റ്റിവെൽ അലവൻസാണ് നൽകാവുന്നത്. അധികമായി നല്കിയ തുക =1290 /-രൂപ (= 2400-1110)

ശാലിനി എസ് കുറുപ്പിന് അധികമായി നല്കിയതുക= 1290

രമ്യ നാരായണന് അധികമായി നല്കിയതുക= 1290

അധികമായി നല്കിയ 2,580/ -രൂപ ജീവനക്കാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# **3-5** എം.എൻ.ലക്ഷം വീട് കോളനി ഭവന നിർമ്മാണം - അപാകതകൾ എം.എൻ.ലക്ഷം വീട് ഭവന പദ്ധതി- രണ്ടു ഗഡു തുക കൈപ്പറ്റി - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2009-10 സാമ്പത്തിക വർഷം തുടങ്ങിയതും 2015-16 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി നടപ്പിലാക്കിയതുമായ എം എൻ ലക്ഷം വീട് ഭവനനിർമ്മാണം ജനറൽ, എം എൻ ലക്ഷം വീട് ഭവനനിർമ്മാണം എസ് സി, എന്നീ പദ്ധതിയിൽ രണ്ടു ഗഡു തുക

സ്വീകരിയ്ക്കുകയും ഇതുവരെ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാത്തതുമായ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | പ്രോജക്ട് നമ്പർ | ഗുണഭോക്താവ് | യൂണിറ്റ് കോസ്റ്റ് | നല്കിയ തുകയുടെ വിശദാംശങ്ങൾ | ആകെ നല്കിയ തുക |
|---|---|---|---|---|---|
| 1 | 16/2015-16 എം.എൻ.ലക്ഷം വീട് ഭവനനിർമ്മാണം (ജനറൽ) | ഏലമ്മ വർക്കി | 75000 | ₹.22500/- DD No 206187 dt13/4/10 ₹.30000/- DD No 519999 dt 28/5/10 | 52500 |
| 2 | 16/2015-16 എം.എൻ.ലക്ഷം വീട് ഭവനനിർമ്മാണം (ജനറൽ) | ഏലി പൗലോസ് | 75000 | ₹.22500 DD No 206190 dt13/4/10 ₹.30000/- DD No 520002 dt 28/5/10 | 52500 |
| 3 | 16/2015-16 എം.എൻ.ലക്ഷം വീട് ഭവനനിർമ്മാണം (ജനറൽ) | മറിയം വെള്ളാനി | 75000 | ₹.22500 DD No 206199 dt 13/4/10 ₹.30000/- DD No 520011 dt 28/5/10 | 52500 |
| 4 | 17/2015-16 എം.എൻ.ലക്ഷം വീട് ഭവനനിർമ്മാണം (എസ്.സി.) | കുട്ടൻ മണി | 100000 | ₹.30000 DD No 206201 dt13/4/10 ₹.40000/- DD No 519996 dt 28/5/10 | 70000 |

ഈ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതും ഇവരിൽ നിന്നും പലിശ സഹിതം ഇതുവരെ നല്കിയ തുക തിരികെ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-6 കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് നല്കിയത് - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | S0038/2016 |
| പ്രോജക്ടിന്റെ പേര് | കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് നല്കിയത് |
| ചെലവ് വിവരം | ₹.1,00,000/- (ബിൽ 6/15-16 തീയതി17.9.15) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

താഴെ പറയുന്ന 10കുടുംബശ്രീ യൂണിറ്റുകൾക്ക് 10000/- രൂപ വീതം റിവോൾവിംങ് ഫണ്ട് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നം | കുടുംബശ്രീ യൂണിറ്റിന്റെ പേര് | നല്കിയ തുക | പ്രോജക്ടിന്റെ പേര് |
|---|---|---|---|
| 1 | ഐശ്വര്യ | 10,000 | കൃഷി |

| | | | |
|---|---|---|---|
| 2 | നവോദയ | 10,000 | രേഖപ്പെടുത്തിയിട്ടില്ല |
| 3 | ദീപ്തി | 10,000 | രേഖപ്പെടുത്തിയിട്ടില്ല |
| 4 | സിയോൺ | 10,000 | ആട് ഗ്രാമം |
| 5 | ജ്യോതിസ് | 10,000 | കൃഷി |
| 6 | അക്ഷയ | 10,000 | കൃഷി |
| 7 | വൈഗ | 10,000 | കൃഷി |
| 8 | പ്രാർത്ഥന | 10,000 | രേഖപ്പെടുത്തിയിട്ടില്ല |
| 9 | ധനശ്രീ | 10,000 | രേഖപ്പെടുത്തിയിട്ടില്ല |
| 10 | ശ്രേയസ് | 10,000 | രേഖപ്പെടുത്തിയിട്ടില്ല |

മേൽ പ്രോജക്ടുകളിൽ താഴെപ്പറയുന്ന അപാകതകളുണ്ട്
1. മേൽ സൂചിത യൂണിറ്റുകളുടെ ബാങ്ക് ട്രാൻസാക്ഷൻ സംബന്ധിച്ച പാസ്സ് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയില്ല.
2. മേൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പ്രസ്തുത യൂണിറ്റുകൾ പഞ്ചായത്തിൽ നിന്നും ലഭിച്ച ലൈസൻസ് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.
3. പ്രസ്തുത കുടുംബശ്രീ യൂണിറ്റുകൾ ആരംഭിക്കുന്ന പ്രോജക്ടിൽ വിവരിക്കുന്ന വ്യവസായം സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 1,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 50,000 | ഭിന്നശേഷി സ്കോളർഷിപ്പ് | 50,000 | 0 |
| കൃഷി വകുപ്പ് | 25340 | നെൽ കർഷകർക്ക് ഇൻസെന്റീവ് | 25340 | 0 |
| ഐ.സി.ഡി.എസ് | 137317 | അങ്കണവാടി പോഷകാഹാരം | 137317 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കിന് തുകയൊന്നും നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | 2014-15 വർഷം എടുത്ത വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ഗവ. ഉത്തരവ് 530/10 തീയതി 01.02.2010 | 2,40,000 | 3190500 | 1300000 | 0 | 2130500 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

അക്കൗണ്ട്സ് പ്രകാരം 15050/- രൂപ ഓഡിറ്റ് റിക്കവറിയിനത്തിൽ ഈടാക്കിയിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച രജിസ്റ്റർ അല്ലാതെ അസ്സൽ രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,47,06,982 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,19,77,151 |
| വരവിനങ്ങളിലുള്ള നഷ്ടം | 11,431 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 61,507 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,00,000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 7,080 | - | പി.വി.സീന ,സെക്രട്ടറി |
| 2-2 | 4,351 | - | മുഹമ്മദ് കുട്ടി,സെക്രട്ടറി |
| 3-1 | - | 50,000 | ചന്ദ്രൻ നായർ.കെ.,അസി.സെക്രട്ടറി |
| 3-2 | - | 6,600 | അജ്ഞന.കെ.ഇ.,മെഡിക്കൽ ആഫീസർ(പി.എച്ച്.സി) |
| 3-3 | - | 2,327 | ഹരി.ആർ.,അസി.എഞ്ചിനീയർ |
| 3-4 | - | 2,580 | മുഹമ്മദ് കുട്ടി,സെക്രട്ടറി |
| ആകെ | 11,431 | 61,507 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക |
|---|---|
| 3-6 | 1,00,000 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.വി.സീന<br>സെക്രട്ടറി | പി.വി.സീന<br>സെക്രട്ടറി | പഴമാത്തിൽ വീട്<br>പള്ളുരുത്തി,കൊച്ചി 6 |
| മുഹമ്മദ് കുട്ടി | മുഹമ്മദ് കുട്ടി<br>സെക്രട്ടറി | അവിഞ്ഞക്കാട്ടുവളപ്പിൽ<br>കാഞ്ഞിരശ്ശേരി<br>എരുനിലംകോട്ട്,തൃശ്ശൂർ |
| ചന്ദ്രൻ നായർ.കെ.<br>അസി.സെക്രട്ടറി | ചന്ദ്രൻ നായർ.കെ.<br>അസി.സെക്രട്ടറി | കല്ലറക്കൽ വീട്<br>നെല്ലിക്കുഴി<br>കോതമംഗലം |
| അഞ്ജന .കെ.ഇ | മെഡിക്കൽ ആഫീസർ<br>പി.എച്ച്.സി | തുരുത്തിയിൽ വീട്<br>ചേരാങ്ങൽ .പി.ഒ<br>കോട്ടപ്പടി |
| ഹരി.ആർ | അസി.എഞ്ചിനീയർ | കൊടകപ്പിള്ളിൽ വീട്<br>ശക്തിപുരം<br>റാക്കാട്,മൂവാറ്റുപുഴ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1983-84 | എൽ.എഫ്.ഇ.പി1.209/93/തീയതി : 05.11.1996 |
| 1984-85 | എൽ.എഫ്.ഇ.പി1.56/89/തീയതി : 01.02.1995 |
| 1985-86 | എൽ.എഫ്.ഇ.പി1. 344/89/തീയതി :01.02.1990 |
| 1986-87 | എൽ.എഫ്.ഇ.പി1.539/90/തീയതി :22.01.1991 |
| 1987-88 | എൽ.എഫ്.ഇ.പി1.613/90തീയതി :03.10.1996 |
| 1988-89<br>1989-90 | എൽ.എഫ്.ഇ.പി1.145/94/തീയതി :08.10.1996 |
| 1990-91<br>1991-92<br>1992-93 | എൽ.എഫ്.ഇ.പി1.253/95/തീയതി :13.10.1995 |
| 1996-97 | എൽ.എഫ്.ഇ.പി1.1196/1997 തീയതി : 06.07.1998 |
| 1997-98(ചെലവ്) | എൽ.എഫ്.ഇ.പി1.1231/98തീയതി :12.05.1999 |
| 1997-98(വരവ്) | എൽ.എഫ്.ഇ.പി1.1651/99/തീയതി :05.07.2000 |
| 1998-99 മുതൽ 2001-02 വരെ | എൽ.എഫ്.ഇ.പി1.673/2004തീയതി :.08.04.2005 |

| | |
|---|---|
| 1995-96 | എൽ.എഫ്.ഇ.പി.7. 856/2010 തീയതി : 04.06.2011 |
| 1998-99 | എൽ.എഫ്.ഇ.പി.7. 08/2008 തീയതി : 09.02.2009 |
| 1999-2000 | എൽ.എഫ്.ഇ.പി.7. 09/2008 തീയതി : 09.02.2009 |
| 2000-01 | എൽ.എഫ്.ഇ.പി.7. 10/2008 തീയതി : 09.02.2009 |
| 2001-02 | എൽ.എഫ്.ഇ.പി.7. 11/2008 തീയതി : 09.02.2009 |
| 2002-03 | എൽ.എഫ്.ഇ.പി.7. 12/2008 തീയതി : 09.02.2009 |
| 2003-04 | എൽ.എഫ്.ഇ.പി.7. 13/2008 തീയതി : 09.02.2009 |
| 2004-05 | എൽ.എഫ്.ഇ.(പി7) 857/2010 തീയതി : 04.06.2011 |
| 2005-06 | എൽ.എഫ്.ഇ.(പി7). 858/2010തീയതി :04.01.2011 |
| 2006-07 | എൽ.എഫ്.ഇ.(പി7). 191/12തീയതി : 21.04.21012 |
| 2007-08 | എൽ.എഫ്.ഇ.(പി7). 192/12തീയതി : 21.04.21012 |
| 2008-09 | എൽ.എഫ്.ഇ.(പി7). 193/12തീയതി : 21.04.21012 |
| 2009-10 | എൽ.എഫ്.ഇ.(പി7). 194/12തീയതി : 21.04.21012 |
| 2010-11 | എൽ.എഫ്.ഇ.(പി7). 1698/13 തീയതി : 23.10.13 |
| 2011-12 | |
| 2012-13&2013-14 | എൽ.എഫ്.ഇ.(പി7). 648/1 തീയതി : 08.06.15/22.07.15 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം. (പി 7) 1320/2016 തീയതി 3.8.16 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യലയം, എറണാകുളം

# അനുബന്ധം - 1

## ഓഡിറ്റ്സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇ.കെ.എം(പി.14)177/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 06.02.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

# APPENDIX – I

## AUDIT CERTIFICATE – 2015-16

No.KSA-EKM(P.14)177/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 06.02.2017

Certified that I have audited the Annual Financial Statement of KEERAMPARA Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of KEERAMPARA Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director (H.G.)